പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 56 — 19.03.2013 -ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സി.എൻ.ജി. ഇന്ധനം ഉപയോഗിക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഗീതാ ഗോപി :<br>ശ്രീ. മുല്ലക്കര രത്നാകരൻ :<br>" കെ. അജിത് :<br>" വി. ശശി : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-ക്ക് ഡീസൽ സബ്സിഡി അനുവദിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത സബ്സിഡി അനുവദിക്കുന്നതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | വൻകിട ഉപഭോക്താവ് എന്ന നിലയിലുള്ള ഡീസൽ വില വർദ്ധനവിൽ നിന്നും കെ.എസ്.ആർ.ടി.സി. യെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ ഇക്കാര്യത്തിലുള്ള തീരുമാനം രേഖാമൂലം അറിയിച്ചിട്ടില്ല. |
| (ബി) | ബസ്സുകൾ സി.എൻ.ജി.(സമ്മർദ്ദിത പ്രകൃതി വാതകം)-യിലേയ്ക്ക് മാറ്റണമെന്ന് കേന്ദ്ര നിർദ്ദേശമുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പാക്കുന്നതു സംബന്ധിച്ച് എന്തു തീരുമാനമെടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (ബി) | ബഹു. മുഖ്യമന്ത്രിയും, ഗതാഗത വകുപ്പു മന്ത്രിയും, ബഹു. കേന്ദ്ര പെട്രോളിയം വകുപ്പു മന്ത്രിയുമായി ചർച്ച നടത്തിയപ്പോൾ ഇത്തരമൊരു നിർദ്ദേശം കേന്ദ്രം മുന്നോട്ടു വയ്ക്കുകയുണ്ടായി. ഇത് നടപ്പാക്കുന്നതിനെ കുറിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) | കെ.എസ്.ആർ.ടി.സി. ബസ്സുകൾ മുഴുവനും സി.എൻ.ജി.-യിലേയ്ക്ക് മാറ്റുന്നതിന് എത്ര സമയം വേണ്ടിവരും ; അതുവരെ കെ.എസ്. ആർ.ടി.സി. അടച്ചുപൂട്ടാതിരിക്കാൻ | (സി) | കെ.എസ്.ആർ.ടി.സി.ക്ക് 6,000-നു മേൽ ബസ്സുകളുണ്ട്. എല്ലാ ബസ്സുകളും സി.എൻ.ജി.യിലേക്കു മാറ്റുന്നത് പ്രായോഗികമല്ല. മൂന്ന് വർഷത്തിൽ താഴെ പഴക്കമുള്ളവ സി.എൻ.ജി.യിലേക്ക് |

| | | | |
|---|---|---|---|
| | എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | | മാറ്റുന്നതാണ് അഭികാമ്യം. ഇതിനായി ബസ്സൊന്നിന് നാലുലക്ഷം രൂപ ചെലവ് വരും. ബസ്സുകൾ മാറ്റുന്നതിനോടൊപ്പം തന്നെ സി.എൻ.ജി സ്റ്റേഷനുകളും സ്ഥാപിക്കേണ്ടതുണ്ട്. ആയതിന് കൃത്യമായ സമയ ദൈർഘ്യം ഇപ്പോൾ പറയാൻ കഴിയുന്നില്ല.<br>കെ.എസ്.ആർ.ടി.സി.ക്ക് സ്പെഷ്യൽ പാക്കേജ് ഇനത്തിൽ 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഡീസൽ വില വർദ്ധനവുമൂലമുണ്ടായ പ്രതിസന്ധി തരണം ചെയ്യുന്നതിന് രണ്ട് മാസത്തെ അധിക ബാദ്ധ്യതയായ 28 കോടി രൂപയും തുടർന്ന് അനുവദിക്കുകയുണ്ടായി. കൂടാതെ 2013 മാർച്ച് മാസത്തിൽ 25 കോടി രൂപയും അനുവദിച്ചു. |

സെക്ഷൻ ഓഫീസർ